(ഡി) കരനെൽ കൃഷി പദ്ധതിയിൽ ഓരോ ബ്ലോക്കിലും കുറഞ്ഞത് ഒരു ഹെക്ടറെങ്കിലും അധികമായി കരനെൽ കൃഷി കൊണ്ടുവരണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. തരിശുനില പദ്ധതിയിൽ ജില്ലകൾക്ക് ഭൗതിക ലക്ഷ്യം അനുവദിക്കാനും തരിശ് നിലങ്ങളുടെ വിസ്തൃതി അനുസരിച്ച് ബ്ലോക്കു തലത്തിൽ ഭൗതികലക്ഷ്യം അനുവദിക്കുന്നതിനുമാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. ഈ രണ്ടു പദ്ധതികളിലൂടെയും അധികമായി കൃഷി ചെയ്യേണ്ട സ്ഥലത്തിന്റെ വിസ്തൃതി അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.*

(ഇ) ഈ പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി എല്ലാ മാസവും ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകനം നടത്തിവരുന്നു. ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ പാഡി സെല്ലുകളിലും സംസ്ഥാന പാഡി സെല്ലിലും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

നെൽകൃഷി ആദായകരമായി നടത്തുന്നതിന് ആനുകൂല്യങ്ങൾ

154(2407) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി ആദായകരമായി നടത്തുന്നതിന് നെൽകർഷകർക്ക് ഇപ്പോൾ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച് പാഡി മിഷൻ നൽകിയ ഏതൊക്കെ ശിപാർശകളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് ;

(സി) ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ മേന്മയുള്ള വിത്ത്, ശാസ്ത്രീയ കൃഷിരീതികൾ എന്നിവ നെൽകർഷകർക്ക് ലഭ്യമാക്കുന്നതു സംബന്ധിച്ച് എന്തൊക്കെ നിർദ്ദേശങ്ങളാണ് അടിയന്തിര പരിഗണനയിലുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

നെൽകർഷകർക്ക് പലിശരഹിത വായ്പ

154(2408) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽക്കൃഷി വികസിപ്പിക്കുന്നതിനായി നെൽകർഷകർക്ക് പലിശരഹിത വായ്പ നല്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിൻകീഴിൽ ഇതുവരെ സംസ്ഥാനത്തൊട്ടാകെ എത്ര കോടി രൂപ പലിശരഹിത വായ്പയായി അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും വഴിയാണ് ഇത്തരം വായ്പകൾ വിതരണം ചെയ്തുവരുന്നത് ;

(ഡി) ഇപ്രകാരം വിതരണം ചെയ്യുന്ന വായ്പകളുടെ പലിശ സബ്സിഡിയായി ഇതുവരെ എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ വർഷം ഈ ഇനത്തിൽ എത്ര കോടി രൂപ പലിശരഹിത വായ്പ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(എഫ്) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലെ നെൽക്കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ഇതുവരെ ലഭ്യമാക്കി എന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) മൊത്തം 192.07 ലക്ഷം രൂപ ഈയിനത്തിൽ ചെലവായിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) 2007-08 സാമ്പത്തിക വർഷം, പദ്ധതിയുടെ ആരംഭഘട്ടത്തിൽ പാലക്കാട് ജില്ലയിലെ നെൽകർഷകർക്കു മാത്രമാണ് പദ്ധതി നടപ്പാക്കിയത്. 2008-09 ഇത് പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങൾ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ കുട്ടനാടൻ നെൽപ്പാടങ്ങൾ എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചു. 2009-10-ൽ പദ്ധതി സംസ്ഥാനത്തെ മൊത്തം നെൽകർഷകർക്കും വേണ്ടി നടപ്പാക്കി.

കിസ്സാൻ പദ്ധതി

156(2410) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിസ്സാൻ പദ്ധതി എന്താണ് ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്നുമുതലാണ് നടപ്പാക്കിത്തുടങ്ങിയത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly